കേരളസർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ശ്രീ.പി.കെ.അബ്ദുള്ള, ഡ്രൈവർ ഗ്രേഡ് II, പന്തലായനി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് - അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത കാലയളവ് റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ.2389/2014/തസ്വഭവ, തിരുവനന്തപുരം,തീയതി, 12.09.2014**

---

പരാമർശം:- 1. 03.07.2012-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1843/12/തസ്വഭവ.

2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജ) മലപ്പുറത്തിന്റെ 06.02.2014-ലെ ആർ.ഡി.1 656/14 നമ്പർ നടപടി ക്രമം.

3. ശ്രീ.പി.കെ.അബ്ദുള്ള, ഡ്രൈവർ ഗ്രേഡ് II , 03.04.2014 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

4. ഗ്രാമവികസന കമ്മീഷണറുടെ 08.08.2014 തീയതിയിലെ 10292/എസ്റ്റാ.സി1/2013/ സിആർഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ താനൂർ ബ്ലോക്ക് പഞ്ചായത്തിൽ ഡ്രൈവർ ഗ്രേഡ് II ആയ ശ്രീ.പി.കെ.അബ്ദുള്ളയ്ക്ക് പരാമർശം (1) പ്രകാരം മുൻകാല പ്രാബല്യത്തോടെ 03.02.2012 മുതൽ 2 വർഷത്തേയ്ക്കു കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവായിരുന്നു. എന്നാൽ ടിയാൻ 01.02.2014-ൽ ഗ്രാമവികസന കമ്മീഷണറേറ്റിൽ ജോലിയിൽ പ്രവേശിക്കുകയും പരാമർശം (2) പ്രകാരം ടിയാനെ താനൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ നിയമിച്ചു കൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. ശ്രീ.പി.കെ.അബ്ദുള്ളയ്ക്ക് അനുവദിച്ച ശൂന്യവേതനാവധിയുടെ ഉപയോഗിക്കാത്ത ഭാഗമായ 01.02.2014, 02.02.2014 എന്നീ ദിവസങ്ങളിലെ ശൂന്യവേതനാവധി റദ്ദു ചെയ്യുന്നതിനായി പരാമർശം (3) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്ത് സർക്കാരിലേയ്ക്ക് അയച്ചു തന്നിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ താനൂർ ബ്ലോക്ക് പഞ്ചായത്തിൽ ഡ്രൈവർ ഗ്രേഡ് II ആയ ശ്രീ.പി.കെ.അബ്ദുള്ളയ്ക്ക് പരാമർശം (1) പ്രകാരം ദീർഘിപ്പിച്ച് നൽകിയ ശൂന്യവേതനാവധിയിൽ ഉപയോഗിക്കാത്ത ഭാഗമായ 01.02.2014, 02.02.2014 എന്നീ ദിവസങ്ങളിലെ ശൂന്യവേതനാവധി റദ്ദു ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.ജെ.ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

ശ്രീ.പി.കെ.അബ്ദുള്ള, ഡ്രൈവർ ഗ്രേഡ് II, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, താനൂർ, മലപ്പുറം (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം. (ശ്രീ.പി.കെ.അബ്ദുള്ളയുടെ സേവനപുസ്തകം സഹിതം)

അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ), മലപ്പുറം

ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, താനൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരള,തിരുവനന്തപുരം.

ഇൻഫർമേഷൻ കേരള മിഷൻ

ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ